# ലക്ഷണസഹിതം മലയാള - സംസ്കൃത വൃത്തങ്ങൾ - വിഹഗാവലോകനം

-ശങ്കർജി കൊടകര

**വൃത്തം എന്നാൽ എന്താണ് ?**

പദ്യം വാർക്കുന്ന തോതല്ലോ
വൃത്തമെന്നിഹ ചൊൽവത്

ഹ്രസ്വാക്ഷരത്തെ ലഘു എന്നും ദീർഘാക്ഷരത്തെ ഗുരു എന്നും വൃത്തശാസ്ത്രത്തിൽവ്യവഹരിക്കുന്നു .അതനുസരിച്ച് മൂന്നക്ഷരങ്ങൾ ചേർന്ന് ഒരു ഗണം എന്ന് കണക്കാക്കിയാണ് വൃത്തം നിർണ്ണയിക്കുന്നത്

ഗണം ഗണിക്കേണ്ടും പ്രകാരം

ആദിമദ്ധ്യാന്ത്യ വർണ്ണങ്ങൾ
ലഘുക്കൾ യരതങ്ങളിൽ
ഗുരുക്കൾ ഭജസങ്ങൾക്കു
ഗലങ്ങൾ മനമാത്രമാം

ലഘുവിനെ U ചിഹ്നം കൊണ്ടും
ഗുരുവിനെ __ ചിഹ്നം കൊണ്ടും സൂചിപ്പിക്കുന്നു

| ഗുരുലഘുവിന്യാസക്രമം | ഗണത്തിന്റെ പേര് | ഉദാഹരണം | ചിഹ്നം | അക്ഷരം |
|---|---|---|---|---|
| ആദിലഘു | യഗണം | സലിലം | U_ _ | യ |
| മദ്ധ്യലഘു | രഗണം | രാഗിണീ | _ U _ | ര |
| അന്ത്യലഘു | തഗണം | സുരസാ | _ _ U | ത |
| ആദിഗുരു | ഭഗണം | നീരജ | _ U U | ഭ |
| മദ്ധ്യഗുരു | ജഗണം | രാധികാ | _ U_ | ജ |
| അന്ത്യഗുരു | സഗണം | അനഘാ | U U_ | സ |
| സർവ്വഗുരു | മഗണം | പാതാളം | _ _ _ | മ |
| സർവ്വലഘു | നഗണം | വിവശ | U U U | ന |

ഭാഷാവൃത്തങ്ങളിൽ ഓരോ വരിയിലും വരുന്ന ലഘു ഗുരു എന്നിവയുടെ എണ്ണം കണക്കാക്കിയാണ് വൃത്തം നിർണ്ണയിക്കുന്നത് . അവയിൽ തന്നെ ചിലേടത്ത് ലഘുവിനെ നീട്ടി ചൊല്ലി ഗുരുവാക്കി കണക്കാക്കാം സംസ്കൃതവൃത്തങ്ങളിൽ ആര്യാ ഗീതി വൈതാളീയം തുടങ്ങിയവയിൽ ഗുരുലഘുക്കൾ ഉച്ചരിക്കുന്ന മാത്ര ( സമയദൈർഘ്യം) കണക്കാക്കിയാണ് വൃത്തഗണന .

**കേക**

മൂന്നും രണ്ടും രണ്ടും മൂന്നും
രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിന്നാറു ഗണം
പാദം രണ്ടിലുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം
മാറാതോരോ ഗണത്തിലും
നടുക്കു യതി പാദാദി-
പ്പൊരുത്തമിതു കേകയാം.
(ഉദാ - രാമായണം കിളിപ്പാട്ട് ബാലകാണ്ഡം ആരണ്യകാണ്ഡം യുദ്ധകാണ്ഡം)

**മഞ്ജരി**

ശ്ളഥകാകളി വൃത്തത്തിൽ
രണ്ടാം പദത്തിൽ അന്ത്യമായ്
രണ്ടക്ഷരം കുറഞ്ഞീടി-
ലതു മഞ്ജരിയായിടും
(ഉദാഹരണം - കൃഷ്ണഗാഥ )

**കാകളി**

\`

**മാത്രയഞ്ചക്ഷരം മൂന്നിൽ**
**വരുന്നോരു ഗണങ്ങളെ**
**എട്ടു ചേർത്തുള്ളീരടിക്കു**
**ചൊല്ലാം കാകളിയെന്നു പേർ**
(ഉദാഹരണം -രാമായണം കിളിപ്പാട്ട് അയോദ്ധ്യാ കാണ്ഡം കിഷ്കിന്ധാകാണ്ഡം

**കളകാഞ്ചി**

**കാകളിക്കാദ്യപാദാദൗ**
**രണ്ടോ മൂന്നോ ഗണങ്ങളെ**
**ഐയഞ്ചു ലഘുവാക്കീടി–**
**ലുളവാം കളകാഞ്ചികേൾ.**
(ഉദാഹരണം -രാമായണം കിളിപ്പാട്ട് സുന്ദരകാണ്ഡം)

**മണികാഞ്ചി**

**കാകളിക്കുള്ള പാദങ്ങൾ**
**രണ്ടിലും പിന്നെയാദിമം**
**ഗണം മാത്രം ലഘുമയ–**
**മായാലോ മണികാഞ്ചിയാം..**

**മിശ്രകാകളി**

**ഇച്ഛപോലെ ചിലേടത്തു**
**ലഘുപ്രായഗണങ്ങളെ**
**ചേർത്തും കാകളി ചെയ്തിടാ–**
**മതിൻപേർ മിശ്രകാകളി.**

**ഊന കാകളി**

**രണ്ടാം പാദാവസാനത്തിൽ**
**വരുന്നോരു ഗണത്തിനു**
**വർണമൊന്നു കുറഞ്ഞീടി–**
**ലൂനകാകളിയാമത്.**

**അന്നനട**

**ലഘുപൂർവം ഗുരു പര–**
**മീമട്ടിൽ ദ്വ്യക്ഷരംഗണം**
**ആറെണ്ണം മർദ്ധ്യയതിയാ**
**ലർദ്ധിതം, മുറിരണ്ടിലും**
**ആരംഭേ നിയമം നിത്യ–**
**മിതന്നനടയെന്ന ശീൽ.**
( ഉദാഹരണം - മഹാഭാരതം കിളിപ്പാട്ട്കർണ്ണപർവ്വം)

**നതോന്നത** (വഞ്ചിപ്പാട്ടുവൃത്തമെന്നു പ്രസിദ്ധം)

**ഗണം ദ്വ്യക്ഷരമെട്ടെണ്ണം**
**ഒന്നാം പാദത്തിൽ മറ്റതിൽ**
**ഗണമാറര നിൽക്കേണം**
**രണ്ടുമെട്ടാമതക്ഷരേ**
**ഗുരു തന്നെയെഴുത്തല്ല–**
**യിശ്ശീലിൻ പേർ നതോന്നത**
(ഉദാഹരണം – രാമപുരത്തു വാരിയരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട്)

**ദ്രുത കാകളി**

**രണ്ടു പാദത്തിലും പിന്നെ–**
**യന്ത്യമായ ഗണത്തിന്**
**വർണമൊന്നു കുറഞ്ഞെന്നാൽ**
**ദ്രുതകാകളി കീർത്തനെ.**

**തരംഗിണി. (** ഉള്ളൽ കൃതികളിലെ മുഖ്യമായ വൃത്തം**)**

**ദ്വിമാത്രം ഗണമെട്ടെണ്ണം**
**യതിമദ്ധ്യം തരംഗിണി.**
(കുഞ്ചൻ നമ്പിയാരുടെ കൃതികൾ)

**അർദ്ധകേക**

**കേകാപാദത്തെയർദ്ധിച്ചാ–**
**ലർദ്ധകേകയതായിടും**

**ഊനതരംഗിണി**

**രണ്ടാം പാദേ ഗണം രണ്ടു**
**കുറഞ്ഞൂനതരംഗിണി**

**അജഗരഗമനം**

**ലഘുപ്രായം ചതുർമ്മാത്രം**
**ഗണമാറൊരു ദീർഘവും**
**ചേർന്നു വന്നാലജഗര–**
**ഗമനാഭിധവൃത്തമാം**

**കളേന്ദുവദനാ**

**ഇഹേന്ദുവദനാവൃത്തേ**
**മാത്രയെട്ടൊത്തു ലഘുക്കളെ–**
**ഇടവിട്ടു ഗുരുസ്ഥാനേ**
**ചെയ്തിട്ടു ലഘുവൊന്നഥ**
**ഒടുവിൽ ചേർത്തതാം വൃത്തം**
**കളേന്ദുവദനാഭിധം**

**സർപ്പിണി**

**ദ്വ്യക്ഷരം ഗണമൊന്നാദ്യം**
**ത്ര്യക്ഷരം മൂന്നതിൽപരം**
**ഗണങ്ങൾക്കാദിഗുരുവാം**
**വേറൊന്നും ത്ര്യക്ഷരങ്ങളിൽ**
**മറ്റേതും സർവഗുരുവായ്**
**വരാം കേളിതു സർപ്പിണി.**

**കല്യാണി**

**കല്യാണി തഗണം മൂന്നു**
**ഗുരു രണ്ടോടുചേരുകിൽ**

## <u>സംസ്കൃത വൃത്തങ്ങൾ</u>

സംസ്കൃത വൃത്തങ്ങൾ മൂന്നു തരം

സമവൃത്തം **–** നാലു പാദങ്ങളിലും തുല്യ എണ്ണം അക്ഷരങ്ങൾ

അർദ്ധസമവൃത്തം **–** ഒന്നും മൂന്നും തുല്യ എണ്ണം അക്ഷരങ്ങൾ റണ്ടും നാലും അതുപോലെ തന്നെ

വിഷമവൃത്തം **–** നാലു പാദങ്ങളിലും അക്ഷരസംഖ്യ വിഭിന്നമായിവരുന്ന വൃത്തങ്ങൾ എട്ടക്ഷരം മുതൽ ഇരുപത്തി ആറു അക്ഷരം വരെയുള്ളവയെ വൃത്തം എന്നും അതിനു മുകളിലുള്ളവയെ ദണ്ഡകം എന്നും പറയുന്നു**.**

ഇന്ദ്രവജ്രാ (इन्द्रवज्रा)

കേളിന്ദ്രവജ്രക്കു തതം ജഗംഗം — ഗണവ്യവസ്ഥ – തതജ ഗുരു ഗുരു

स्यादिन्द्रवज्रा यदि तौ जगौगः

ഉപേന്ദ്രവജ്രാ (उपेन्द्रवज्रा)

ഉപേന്ദ്രവജ്രക്കു ജതം ജഗംഗം — ഗണവ്യവസ്ഥ – ജതജ ഗുരു ഗുരു

उपेन्द्रवज्रा जतजास्तगौगः

ഉപജാതി (उपजातिः)

അഥേന്ദ്രവജ്രാംഘ്രിയുപേന്ദ്രവജ്രാ
കലർന്നു വന്നാലുപജാതിയാകും
अनन्त्रोदीरितलक्ष्मभाजौ पादौ यदीयादुपजातयस्ताः

ദ്രുതവിളംബിതം (द्रुतविलंम्बितम्)

ദ്രുതവിളംബിതമാം നഭവും ഭരം — ഗണവ്യവസ്ഥ – നഭഭര
द्रुतविलम्बितमाह नभौ भरौ।

രഥോദ്ധത (रथोद्धता)

രന്നരങ്ങൾ ലഗവും രഥോദ്ധതാ — ഗണവ്യവസ്ഥ –ര ന ര ലഘു ഗുരു
रन्नराविह रथोद्धता लगौ

വംശസ്ഥം ( वंशस्थम्)

`ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും — ഗണവ്യവസ്ഥ– ജതജര
जतौ तु वंशस्थमुदीरितं जरौ।

മഞ്ജുഭാഷിണി (मञ्जुभाषिणी)

സജസംകഴിഞ്ഞു ജഗം മഞ്ജുഭാഷിണി — ഗണവ്യവസ്ഥ – സ ജ സ ജ ഗുരു
सजसा जगौ भवति मञ्जुभाषिणी।

വസന്തതിലകം (वसन्ततिलका)

ചൊല്ലാം വസന്തതിലകം തഭജം ജഗംഗം — ഗണവ്യവസ്ഥ ത ഭ ജ ജ ഗുരുഗുരു
उक्ता वसन्ततिलका तभजौजगौगः।

സ്വാഗതാ (स्वागता)

സ്വാഗതക്കു രനഭം ഗുരുയുഗ്മം — ഗണവ്യവസ്ഥ – രനഭ ഗുരു ഗുരു
स्वागतेति रनभात् गुरुयुग्मम्।

പഞ്ച ചാമരം (पञ्चचामरम्)

ജരം ജരം ജഗം നിരന്നു പഞ്ച ചാമരം വരും — ഗണവ്യവസ്ഥ – ജ ര ജ ര ജ ഗുരു
जरौ जरौ जगाविदं वदन्ति पञ्चचामरं ।

മാലിനി (मालिनी)

നനമയയുഗമെട്ടിൽ തട്ടണം മാലിനിക്ക് — ഗണവ്യവസ്ഥ – ന ന മ യ യ യ
ननमयययुतेयं मालिनी भोगिलोकैः। — यति – (യതി) – 7 8 അക്ഷരങ്ങളിൽ

ശിഖരിണി (शिखरिणी)

യതിക്കാറിൽ തട്ടും യമനസഭലംഗം ശിഖരിണി — ഗണവ്യവസ്ഥ – യമനസഭ ലഘു ഗുരു
रसैःरुद्रैश्छिन्ना यमनसभलागः शिखरिणी। — यति – (യതി) –6 11 അക്ഷരങ്ങളിൽ

മന്ദാക്രാന്താ (मन्दाक्रान्ता) (സന്ദേശവൃത്തം എന്ന് പ്രസിദ്ധി)

മന്ദാക്രാന്താ മഭനതതഗം നാലുമാരറേഴുമായ്ഗം — ഗണവ്യവസ്ഥ – മ ഭ ന ത ത ഗുരു ഗുരു
मन्दाक्रान्ता जलधिषडकैर्म्भौभनौ ताद्गुरू चेत्। — यति – (യതി) – 4 6 അക്ഷരങ്ങളിൽ

ശാർദ്ദൂല വിക്രീഡിതം (शार्दूलविक्रीडितम्)

പന്ത്രണ്ടാൽ മസജം സതംത ഗുരുവും ശാർദ്ദൂലവിക്രീഡിതം
ഗണവ്യവസ്ഥ – മ സ ജ സ ത ത ഗുരു
सूर्याशवैर्मसजस्ततः सगुरवः शार्दूलविक्रीडितम्। — यति – (യതി) – 12 ൽ

സ്രഗ്ധരാ (स्रग्धरा)

ഏഴേഴായ് മൂന്നു ഖണ്ഡം മരഭനയയയം സ്രഗ്ധരാ വൃത്തമാകും
ഗണവ്യവസ്ഥ – മ ര ഭ ന യ യ യ
म्रभ्नर्याणां त्रयेण त्रिमुनियतियुता स्रग्धरा कीर्तितेयम्। — यति – (യതി) – 7 14 അക്ഷരങ്ങളിൽ

കുസുമമഞ്ജരി (कुसुममञ्जरी)

രം നരം നരനരം നിരന്നുവരുമെങ്കിലോ കുസുമമഞ്ജരി
रात्परौ नरनरौ क्रमात्भवति चेद्धि सा कुसुममञ्जरी ।
ഗണവ്യവസ്ഥ – ര ന ര ന ന ര ന ര

**യതി – ദീർഘവൃത്തങ്ങളുടെ ആലാപനസൗകര്യത്തിനായി കല്പിക്കപ്പെട്ട താൽക്കാലികമായുള്ള വിരാമസ്ഥാനം.**

## അർദ്ധസമവൃത്തങ്ങൾ

ഈ വിഭാഗത്തിലെ വൃത്തലക്ഷണങ്ങളിലെ *സമം* എന്നതുകൊണ്ട് *ഒന്ന് മൂന്ന്* എന്നീ പാദങ്ങളേയും *വിഷമം* എന്നതുകൊണ്ട് *രണ്ട് നാല്* എന്നീ പാദങ്ങളേയുമാണ് ഉദ്ദേശിക്കുന്നത്

**പുഷ്പിതാഗ്ര**

നനരയവിഷമത്തിലും സമത്തിൽ
പുനരിഹ നം ജജരംഗ പുഷ്പിതാഗ്ര

अयुजि नयुगरेफतो यकारो
युजि च ननौ जरगश्च पुष्पिताग्रा।

ഗണവ്യവസ്ഥ – സമപാദങ്ങളിൽ – ന ന ര യ ( 1&3)
വിഷമപാദങ്ങളിൽ – ന ജ ജ ര ഗുരു (2&4)

**വിയോഗിനി** (വിരഹവർണ്ണനയ്ക്ക് പ്രസിദ്ധി രഘുവംശത്തിലെ അജവിലാപം കുമാരസംഭവത്തിലെ രതിവിലാപം കുമാരനാശാന്റെ ചിന്താവിഷ്ടയായ സീത എന്നിവ വിയോഗിനി വൃത്തത്തിൽ രചിക്കപ്പെട്ടവയാണ്)

സസജം വിഷമത്തിലും സമത്തിൽ
സഭരം ലം ഗുരുവും വിയോഗിനി

विषमे ससजाः गुरू समे
सभराल्लोथ गुरुर्वियोगिनी।

ഗണവ്യവസ്ഥ – സമപാദങ്ങളിൽ –സ സ ജ ( 1&3)
വിഷമപാദങ്ങളിൽ – സ ഭ ര ലഘു ഗുരു (2&4)

**N B :– വിഷമവൃത്തങ്ങൾ കാവ്യങ്ങളിൽ പ്രസിദ്ധമല്ലാത്തതുകൊണ്ടും ഉദാഹരണങ്ങൾ വിരളമായതുകൊണ്ടും ഇവിടെ പ്രതിപാദിക്കുന്നില്ല**

## Additional Questions and Answers

1 വൃത്തശാസ്ത്രത്തിന്റെ അപരനാമം – ഛന്ദശ്ശാസ്ത്രം
2 ഛന്ദശ്ശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് – പിംഗളൻ
3 ഛന്ദശ്ശാസ്ത്രത്തെ വേദപുരുഷന്റെ ഏതവയവമായാണ് കൽപിക്കപ്പെട്ടിരിക്കുന്നത് – പാദം
4 വൃത്തരത്നാകരം എന്ന സംസ്കൃത ഗ്രന്ഥം രചിച്ചത് ആര് – കേദാരഭട്ടൻ
5 കാളിദാസ പ്രണീതമായ വൃത്തശാസ്ത്രഗ്രന്ഥം – ശ്രുതബോധം
6 വൃത്തമഞ്ജരി എന്ന മലയാളവൃത്തശാസ്ത്രഗ്രന്ഥം രചിച്ചത് ആര് – എ ആർ രാജരാജവർമ്മ
7 കാന്തവൃത്തം എന്ന വൃത്തശാസ്ത്രഗ്രന്ഥം രചിച്ചത് ആര് – കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ
8 ഛന്ദസ്സുകൾ എത്ര എണ്ണം – ഇരുപത്തിയാറ്
9 കുമാരനാശാന്റെ കരുണയിലെ വൃത്തം – നതോന്നത
10 വീണപ്പൂവ് എതു വൃത്തത്തിൽ രചിക്കപ്പെട്ടതാണ് – വസന്തതിലകത്തിൽ (കരുണരസമാണെങ്കിലും)
11 വൃത്തശില്പം എന്ന ഗ്രന്ഥംരചിച്ചത് ആര് – കുട്ടികൃഷ്ണമാരാർ

| മലയാളകൃതികൾ | വൃത്തങ്ങൾ |
|---|---|
| ൧ ബന്ധനസ്ഥനായ അനിരുദ്ധൻ | വസന്തതിലകം |
| ൨ നളിനി | രഥോദ്ധത |
| ൩ ലീല | പുഷ്പിതാഗ്ര |
| ൪ കർണ്ണഭൂഷണം | മഞ്ജരി |
| ൫ മയൂരസന്ദേശം | മന്ദാക്രാന്താ |
| ൬ എന്റെ ഗുരുനാഥൻ | കേക |
| ൭ ആത്മാവിൽ ഒരുചിത | കാകളി |
| ൮ മാമ്പഴം | കേക |
| ൯ മഗ്ദലനമറിയം | മാകന്ദമഞ്ജരി |
| ൧൦ മാനസാന്തരം | വിയോഗിനി |
| ൧൧ നാരായണീയം – രാസക്രീഡ | കുസുമമഞ്ജരി |
| ൧൨ ഭാഗവതം ഗോപികാഗീതം | സ്രഗ്വിണീ |
| ൧൩ ഹരിവരാസനം | സമ്മതാ |
| ൧൪ നാരായണീയം – പൂതനാമോക്ഷം | ദ്രുതവിളംബിതം |

| വൃത്തം | മലയാളലക്ഷണം | സംസ്കൃതലക്ഷണം | ഗണവ്യവസ്ഥ |
|---|---|---|---|
| തോടകം<br>तोटकम् | സഗണം കില നാലിഹ തോടകമാം | वदतोटकमब्धिसकारयुतम् | സ സ സ സ |
| ദോധകം<br>दोधकम् | മൂന്ന ഭ രണ്ടു ഗ ദോധകവൃത്തം | दोधकवृत्तमिदं भभभाद्गौ | ഭ ഭ ഭ ഗുരു |
| പൃഥ്വീ<br>पृथ्वी | ജസം ജസലയങ്ങളും ഗുരുവുമെട്ടിനാൽ പ്രഥ്വിയാം | जसौजसलया वसुग्रहयतिश्च पृथ्वी गुरु | ജ സ ജ സ യ ലഘു ഗുരു |
| ഹരിണീ<br>हरिणी | നസമഹരിണിക്കാദ്യം പത്തും മുറിഞ്ഞു തസം ലഗം | | ന സ മ ത സ<br>ലഘു ഗുരു |
| സ്രഗ്വിണീ<br>स्रग्विणी | നാലു രേഫങ്ങളാൽ സ്രഗ്വിണീ<br>വൃത്തമാം | रैश्चतुर्भिर्युता स्रग्विणी कीर्तिता | ര ര ര ര |
| ഭുജംഗപ്രയാതം<br>भुजङ्गप्रयातम् | യകാരങ്ങൾ നാലോ<br>ഭുജംഗപ്രയാതം | भुजङ्गप्रयातं भवेद्यैश्चतुर्भिः | യ യ യ യ |
| ഇന്ദുവദന<br>इन्दुवदना | ഇന്ദുവദനക്കു ഭജസം ന ഗുരു രണ്ടും | | ഭ ജ സ ന ഗുരു |
| മത്തേഭം<br>मत्तेभम् | മത്തേഭസംജ്ഞമിഹ വൃത്തം ധരിക്ക<br>തഭയത്തോടു ജം സരനഗം | व दृश्यते | ത ഭ യ ജ സ ര ന ഗുരു |
| വിദ്യുന്മാല<br>विद्युन्माला | മം മം ഗം ഗം വിദ്യുന്മാല | मो मो गो गो विद्युन्माला | മ മ ഗുരു ഗുരു |
| ശാലിനീ<br>शालिनी | | शालिन्युक्ता मौ भनौ तौगयुग्मम् | മ ഭ ന ത<br>ഗുരു ഗുരു |


Prepared By -

SANKARANARAYANAN.A

H S S T ( SANSKRIT)

GOVT. SANSKRIT H S S THRIPUNITHURA

Phone 9744780455

E Mail ID sankarjikodakara@gmail.com sankarpurnavedi@gmail.com